# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.51 (a)/2024 തിരുവനന്തപുരം, തീയതി: 01/03/2024


## പത്രക്കുറിപ്പ്

## "പ്രീയർ ആർട്ട് സെർച്ചും പേറ്റന്റ് ഡ്രാഫ്റ്റിംഗും" എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു

കേരളസർവകലാശാല ബോട്ടണി ഡിപ്പാർട്ട്മെന്റും ബയോടെക്നോളജി ഡിപ്പാർട്ട്മെന്റും ഐ.പി.ആർ. സെല്ലും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐ.പി.ആർ. സ്റ്റഡീസും (ഐ.യു.സി.ഐ.പി.ആർ.എസ്) റൂസ 2.0 മേജർ പ്രോജക്റ്റും (ടി5എഫ്) സംയുക്തമായി സംഘടിപ്പിച്ച "പ്രീയർ ആർട്ട് സെർച്ചും പേറ്റന്റ് ഡ്രാഫ്റ്റിംഗും" എന്ന ശിൽപ്പശാല കാര്യവട്ടം കാമ്പസിലെ ബോട്ടണി വിഭാഗത്തിൽ നടന്നു. വ്യാഴാഴ്ച ആരംഭിച്ച പ്രസ്തുത സെമിനാറിന് ബയോടെക്നോളജി വിഭാഗം മേധാവി പ്രൊഫ.(ഡോ.)ടി.എസ്.സ്വപ്ന സ്വാഗതം ആശംസിച്ചു. ഡോ.ഐ.ജി.രതീഷ്, അസി. പ്രൊഫസർ, കുസാറ്റ്, ഐ.യു.സി.ഐ.പി.ആർ.എസ് ആമുഖ പ്രഭാഷണം നടത്തി. ബോട്ടണി വിഭാഗം മേധാവി പ്രൊഫ. (ഡോ.) ഇ. എ. സിറിൽ, കേരളസർവകലാശാല ഐ.പി.ആർ സെൽ ഡയറക്ടർ ഡോ.സിബി കെ.എസ്. തുടങ്ങിയ പ്രമുഖർ സെമിനാറിന്റെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. തുടർന്ന് ഡോ.ഐ.ജി.രതീഷ്, ശ്രീലക്ഷ്മി എം.എസ്, സുനന്ദ ആർ, വിജി വർഗീസ് കോയിക്കര എന്നിവരുടെ നേതൃത്വത്തിൽ തിയറി, പ്രാക്ടിക്കൽ സെഷനുകൾ നടന്നു. തിരഞ്ഞെടുക്കപ്പെട്ട 30 പേർക്കായി നടത്തിയ സെമിനാർ മാർച്ച് 1 വെള്ളിയാഴ്ച സമാപിച്ചു.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**